**കേരള സർക്കാർ**

# പറവൂർ ബ്ലോക്ക്പഞ്ചായത്ത്

# 2014-15 & 2015-16

# ഓഡിറ്റ് റിപ്പോർട്ട്

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
website : www.lfa.kerala.gov.in
e-mail : doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ.എസ്.എ.-ഇ.കെ.എം(ബി.പി.)1577/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം ,
സിവിൽ സ്റ്റേഷൻ,
കാക്കനാട് - 682 030
ഫോൺ : 0484 - 2422271
email:doekm.ksad@kerala.gov.in

ജോയിന്റ് ഡയറക്ടർ

തീയതി :27.09.2016

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പറവൂർ ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : പറവൂർ ബ്ലോക്ക് പഞ്ചായത്ത് - 2014-15, 2015-16 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പറവൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2014-15, 2015-16 സാമ്പത്തിക വർഷങ്ങളിലെ ധനകാര്യപത്രികകളുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)-ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ടിലെ ഭാഗം 2-ലേയും 3-ലേയും ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15). റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ / തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ

ജോയിന്റ് ഡയറക്ടർ

<u>പകർപ്പ്</u> :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2. അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ, എറണാകുളം.
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.-ഇ.കെ.എം(ബി.പി.)1577/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം ,
സിവിൽ സ്റ്റേഷൻ,
കാക്കനാട് - 682 030
ഫോൺ : 0484 - 2422271
email:doekm.ksad@kerala.gov.in

തീയതി : 27.09.2016

# എറണാകുളം ജില്ലയിലെ പറവൂർ ബ്ലോക്ക്പഞ്ചായത്തിന്റെ 2014-15, 2015-16 സാമ്പത്തിക വർഷങ്ങളിലെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

എറണാകുളം ജില്ലയിലെ പറവൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2014-15, 2015-16 സാമ്പത്തിക വർഷങ്ങളിലെ ധനകാര്യപത്രികകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതാത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 7 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിനുള്ള മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്.

ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

## (എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.കെ.സുദർശനൻ, ജോയിന്റ് ഡയറക്ടർ. |
| | |

| | | |
|---|---|---|
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 26.08.2016 മുതൽ 07.09.2016 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി. ജയ. സി.ആർ ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) | |
| | ശ്രീ.സന്തോഷ് കുമാർ.കെ.വി., അസി. ഓഡിറ്റ് ഓഫീസർ (31.08.2016 വരെ) | |
| | ശ്രീമതി. കവിതാ ദേവി.വി.,അസി. ഓഡിറ്റ് ഓഫീസർ (05.09.2016 മുതൽ) | |
| | ശ്രീ. എൻ. എം. സജീവ്,സീനിയർ ഗ്രേഡ് ഓഡിറ്റർ | |

**(ബി)നിർവ്വഹണാധികാരികൾ**

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി. രമാശിവശങ്കരൻ | 01.04.2014മുതൽ31.10.2015വരെ |
| | അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | 01.11.2015മുതൽ11.11.2015വരെ |
| | ശ്രീ.യേശുദാസ് പറപ്പിള്ളി | 12.11.2015മുതൽ31.03.2016വരെ |
| വൈസ് പ്രസിഡന്റ് | ശ്രീ .എ ജി മുരളി | 01.04.2014മുതൽ31.10.2015വരെ |
| | അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | 01.11.2015മുതൽ11.11.2015വരെ |
| | ശ്രീമതി. രമാശിവശങ്കരൻ | 12.11.2015മുതൽ31.03.2016വരെ |
| സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർമാൻ ആരോഗ്യകാര്യം | ശ്രീമതി.മണികാർത്തികേയൻ | 01.04.2014മുതൽ31.10.2015വരെ |
| | അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | 01.11.2015മുതൽ11.11.2015വരെ |
| | ശ്രീ .ടി.സി.സുധീർ, | 12.11.2015മുതൽ31.03.2016വരെ |
| സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർമാൻ വികസന കാര്യം | ശ്രീമതി.ഷീജ രാമദാസ് | 01.04.2014മുതൽ31.10.2015വരെ |
| | അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | 01.11.2015മുതൽ11.11.2015വരെ |
| | ശ്രീമതി.ഷൈജ ടീച്ചർ | 12.11.2015മുതൽ31.03.2016വരെ |
| സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർമാൻ ക്ഷേമ കാര്യം | ശ്രീ .കെ.പി. വിശ്വനാഥൻ | 01.04.2014മുതൽ31.10.2015വരെ |
| | അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | 01.11.2015മുതൽ11.11.2015വരെ |
| | ശ്രീമതി.രശ്മി | 12.11.2015മുതൽ31.03.2016വരെ |
| സെക്രട്ടറി | ശ്രീമതി. ടി.എസ്. ശുഭ | 01.04.2014മുതൽ08.02.2016വരെ |
| | ശ്രീ.എ.എൻ.നാരായണൻ | 09.02.2016മുതൽ31.03.2016വരെ |

**നിർവ്വഹണ ഉദ്യോഗസ്ഥർ**

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| സി.ഡി.പി.ഒ | ശ്രീമതി.അമ്മിണി. | 01.04.2014മുതൽ13.01.2015വരെ |
| | ശ്രീമതി.ആരിഫ.ടി.എം. | 14.01.2015മുതൽ31.03.2016വരെ |
| ക്ഷീരവികസന ഓഫീസർ | ശ്രീ.ശിവദാസ്.എം.ജി. | 01.04.2014മുതൽ01.11.2014വരെ |
| | ശ്രീമതി.ദിവ്യ | 02.11.2014മുതൽ26.04.2015വരെ |
| | ശ്രീ.സ്വാമിനാഥൻ | 27.04.2015മുതൽ31.03.2016വരെ |

| | | |
|---|---|---|
| കൃഷി അസിസ്റ്റന്റ് ഡയറക്ടർ | ശ്രീമതി.സൂസൻ വർഗീസ് | 01.04.2014മുതൽ31.03.2016വരെ |
| അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ | ശ്രീ.എസ്.ഡി.രാജേഷ് | 01.04.2014മുതൽ23.06.2015വരെ |
| | ശ്രീമതി.സബിത എസ്.വാല്യങ്കൽ | 24.06.2015മുതൽ07.12.2015വരെ |
| | ശ്രീമതി.മഞ്ജു പി വാസു | 08.12.2015മുതൽ31.03.2016വരെ |
| എസ്.സി.ഡി.ഒ | ശ്രീ.വി.രാജേഷ് | 01.04.2014മുതൽ01.11.2014വരെ |
| | ശ്രീ.നവീൻ ചന്ദ്രൻ | 02.11.14മുതൽ 04.11.2014 വരെ |
| | ശ്രീ.ജോസ്.ജെ. | 05.11.2014മുതൽ31.12.2014വരെ |
| | ശ്രീ.ഷാജഹാൻ | 01.01.2015മുതൽ12.04.2015വരെ |
| | ശ്രീ.ജോസ്.ജെ. | 13.04.2015മുതൽ28.09.2015വരെ |
| | ശ്രീ.എസ്. പ്രദീപ്കുമാർ | 29.09.2015മുതൽ07.10.2015വരെ |
| | ശ്രീ.എസ്.സുനിൽകുമാർ | 08.10.2015മുതൽ02.12.2015വരെ |
| | ശ്രീ.എസ്. പ്രദീപ്കുമാർ | 03.12.2015മുതൽ05.01.2016വരെ |
| | ശ്രീ.എസ്. വിഷ്ണു | 06.01.2016മുതൽ31.03.2016വരെ |
| ഇന്റസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി സുധ | 01.04.2014മുതൽ31.03.2016വരെ |
| മെഡിക്കൽ ഓഫീസർ | ഡോ.ശ്രീലതാ ദേവി | 01.04.2014മുതൽ 31.03.15വരെ |
| | ഡോ. മഞ്ജു | 01.04.2015മുതൽ 22.05.15വരെ |
| | ഡോ.വിനോദ് പൗലോസ് | 23.05.2015മുതൽ 31.03.16വരെ |

**<u>ഉള്ളടക്കം</u>**


| ക്രമ നം. | ഭാഗം – 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1–1 |
| 2 | വാർഷിക ധനകാര്യപത്രിക | 1–2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധന സർട്ടിഫിക്കറ്റ് | 1–3 |
| 4 | സാമ്പത്തിക വിശകലനം | 1–4 |
| 5 | ഫണ്ട് വിനിയോഗം | 1–5 |

| | | |
|---|---|---|
| 6 | പദ്ധതി അവലോകനം | 1–6 |
| 7 | തനത് വരുമാനം | 1–7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1–8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1–9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1–10 |
| 11 | ഓഡിറ്റ് ഇംപാക്ട് | 1–11 |
| | **ഭാഗം – 2** | |
| 12 | വരവ് ഇനങ്ങളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ – ഇല്ല | |
| | **ഭാഗം – 3** | |
| 13 | വൈദ്യുതീകരണം –നഷ്ടം 28,335/– രൂപ | 3–1 |
| 14 | വൗച്ചർ പരിശോധന –അപാകത | 3–2 |
| 15 | ക്വോട്ട് ചെയ്തതിന് വ്യത്യസ്തമായി തുക നൽകി – നഷ്ടം | 3–3 |
| 16 | വിദ്യാർത്ഥികൾക്ക് പഠനോപകരണം – വിതരണം പൂർത്തീകരിച്ചിട്ടില്ല. | 3–4 |
| 17 | ആലുങ്ങപൊക്കം കമ്മ്യൂണിറ്റി ഹാൾ – നിലവാരമില്ലാത്ത പ്രവൃത്തി | 3–5 |
| 18 | ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല | 3–6 |
| | **ഭാഗം – 4** | |
| 19 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4–1 |
| 20 | ഡെപ്പോസിറ്റ് വർക്കിന് നൽകിയതുകയുടെ വിവരം | 4–2 |
| 21 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4–3 |
| 22 | വായ്പ വായ്പ തിരിച്ചടവ് | 4–4 |
| 23 | സ്ഥിരനിക്ഷേപങ്ങൾ | 4–5 |
| 24 | ഓഡിറ്റ് റിക്കവറി | 4–6 |
| 25 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4–7 |
| 26 | ഓഡിറ്റ് പ്രത്യവലോകനം | 4–8 |
| 27 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4–9 |
| 28 | ഓഡിറ്റ് സർട്ടിഫിക്കറ്റ് 2014–15 | അനുബന്ധം.1 |
| 29 | ഓഡിറ്റ് സർട്ടിഫിക്കറ്റ് 2015–16 | അനുബന്ധം.2 |
| 30 | ഇൻകം &എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്– 2014–15 | അനുബന്ധം.3 |
| 31 | ഇൻകം &എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്– 2015–16 | അനുബന്ധം.4 |

| | | |
|---|---|---|
| 32 | റസീപ്റ്റ് &പേയ്മെൻ്റ് സ്റ്റേറ്റ്മെന്റ് 2014-15 | അനുബന്ധം.5 |
| 33 | റസീപ്റ്റ് &പേയ്മെൻ്റ് സ്റ്റേറ്റ്മെന്റ് 2015-16 | അനുബന്ധം.6 |
| 34 | ബാലൻസ് ഷീറ്റ് 2014-15 | അനുബന്ധം.7 |
| 35 | ബാലൻസ് ഷീറ്റ് 2015-16 | അനുബന്ധം.8 |

# ഭാഗം -1

# പൊതു അവലോകനം

പൊതു അവലോകനം

## 1-1 ബജറ്റ്

ബ്ലോക്ക് പഞ്ചായത്തിന്റെ 2014-15, 2015-16 വർഷങ്ങളിലെ ബജറ്റുകൾ യഥാക്രമം 20.02.2014, 20.03.2015 തിയതികളിൽ അംഗീകരിച്ചു. ബജറ്റുപ്രകാരമുള്ളതും യഥാർത്ഥത്തിലുള്ളതുമായ വരവു ചെലവുകൾ താഴെ കൊടുക്കുന്നു.

| വർഷം | ഇനം | ബജറ്റ് പ്രകാരം (₹) | യഥാർത്ഥത്തിലുള്ളത് (₹) | കുറവ്(₹) |
|---|---|---|---|---|
| 2014-15 | വരവ് | 37,68,53,791 | 7,16,34,544 | 30,52,19,247 |
| | ചെലവ് | 37,30,68,536 | 6,89,56,858 | 30,41,11,678 |
| 2015-16 | വരവ് | 24,44,40,916 | 6,06,32,437 | 18,38,08,479 |
| | ചെലവ് | 24,34,00,236 | 6,35,73,971 | 17,98,26,265 |

നികുതി, നികുതിയേതര വരവുകളൊന്നുമില്ലാത്ത ബ്ലോക്ക് പഞ്ചായത്തിന് കേന്ദ്ര, സംസ്ഥാന സർക്കാരുകളിൽ നിന്ന് ലഭിയ്ക്കുന്ന നിശ്ചിത ഗ്രാന്റുകൾ മാത്രമാണ് വരവുള്ളതെന്നിരിക്കെ, യാഥാർത്ഥ്യവുമായി ഒരു പൊരുത്തവുമില്ലാത്ത രീതിയിലാണ് ബജറ്റ് തയ്യാറാക്കിയിരിയ്ക്കുന്നത്. ഭാവിയിൽ ബജറ്റ് കുറ്റമറ്റ രീതിയിൽ തയ്യാറാക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2014-15 | 31.07.2015 | 23.06.2015 |
| 2015-16 | 31.07.2016 | 28.07.2016 |

## 1–3 വാർഷിക ധനകാര്യ പത്രിക പരിശോധന സർട്ടിഫിക്കറ്റ് .

പഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയിട്ടില്ല. (ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)

## 1–4 സാമ്പത്തിക വിശകലനം

| വർഷം | 2014–15 | 2015–16 |
|---|---|---|
| മുന്നിരിപ്പ് ₹ | 3,32,74,358 | 3,59,52,044 |
| വരവ് ₹ | 7,16,34,544 | 6,06,32,437 |
| ആകെ ₹ | 10,49,08,902 | 9,65,84,481 |
| ചെലവ് ₹ | 6,89,56,858 | 6,35,73,971 |
| നീക്കിയിരിപ്പ് ₹ | 3,59,52,044 | 3,30,10,510 |

## 1–5 ഫണ്ട് വിനിയോഗം

**2014–15**

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് | ചെലവ് % |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 1206813 | 19719000 | 20925813 | 19228128 | 1697685 | 91.89 |
| വികസനഫണ്ട് എസ്.സി.പി. | 2177463 | 8173000 | 10350463 | 6640190 | 3710273 | 64.15 |
| വികസനഫണ്ട് ടി.എസ്.പി. | 746625 | 437000 | 1183625 | 167000 | 1016625 | 14.11 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 0 | 0 | 0 | 0 | 0 |

| | | | | | | |
|---|---|---|---|---|---|---|
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 921190 | 2770000 | 3691190 | 3045298 | 645892 | 82.50 |
| റെനവേഷൻ ഗ്രാന്റ് | 479766 | 0 | 479766 | 0 | 479766 | 0 |
| ബി ഫണ്ട് | 0 | 0 | 0 | 0 | 0 | 0 |

**2015-16**

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് % |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 1697685 | 14669841 | 16367526 | 16367526 | - | 100 |
| വികസനഫണ്ട് എസ്.സി.പി. | 3710273 | 5503731 | 9214004 | 9214004 | - | 100 |
| വികസനഫണ്ട് ടി.എസ്.പി. | 1016625 | 1078155 | 2094780 | 2094780 | - | 100 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 645892 | 2119922 | 2765814 | 2765814 | - | 100 |
| ബി ഫണ്ട് | 0 | 266000 | 266000 | 266000 | - | 100 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷങ്ങളിൽ അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | പൂർണ്ണമായും നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | തൻവർഷം നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|---|
| 2014-15 | 67 | 43745934 | 54 | 26535318 | 13 | - | 80.51 |
| 2015-16 | 76 | 109413669 | 50 | 27676310 | 16 | - | 79.87 |

## 1-7 തനത് വരുമാനം.

വാടക, ടെണ്ടർ ഫോം വിറ്റവരവ് എന്നീ ഇനങ്ങളിലുള്ള നാമമാത്രമായ വരവ് മാത്രമേ ബ്ലോക്ക് പഞ്ചായത്തിന് തനത് വരുമാനമായിട്ടുള്ളു. 2014-15ൽ 14350/- രൂപയും 2015-16ൽ 4600/-രൂപയുമാണ് തനത് വരുമാനം.

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 07.09.2016ന് ഹെഡ്ക്ലർക്കിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. അന്നേ ദിവസം ക്യാഷ് വരവ് ഉണ്ടായിരുന്നില്ല.

## 1-9 ആഭ്യന്തരനിയന്ത്രണം.

പഞ്ചായത്തിലെ പ്രധാനപ്പെട്ട രജിസ്റ്ററുകളെല്ലാം നന്നായി എഴുതി സൂക്ഷിയ്ക്കുന്നുണ്ട്. വൗച്ചറുകൾ, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുകൾ, ചെക്ക് ഇഷ്യൂ രജിസ്റ്ററുകൾ മുതലായവ നല്ല രീതിയിൽ എഴുതി സൂക്ഷിയ്ക്കുന്നുണ്ട്. എന്നാൽ സെക്ഷനുകളിലെ പേഴ്സണൽ രജിസ്റ്ററുകൾ കൃത്യമായി എഴുതുന്നില്ല. തപാലുകൾ ലഭിയ്ക്കുന്നവയുടെ തുടർ നടപടികളൊന്നും രേഖപ്പെടുത്തിയിട്ടില്ല. ഫയലുകൾ ക്ലോസ് ചെയ്തതായി കാണിച്ചിട്ടില്ല. മാസാവസാനം സംക്ഷിപ്തം എഴുതുന്നില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| 2014-15 & 2015-16 | | | |
|---|---|---|---|
| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
| പെർഫോമൻസ് ഓഡിറ്റ് | 14.07.2015 | 2014-2015 | 12.02.2016 |

| | | | |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 17.03.2016 | 2010-11 to 2014-15 | 22.04.2016 |

## 1-11 ഓഡിറ്റ് ഇംപാക്ട്

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന മരാമത്ത് പ്രവൃത്തിയിലുണ്ടായ നഷ്ടം 5,414/- രൂപ, ഓഡിറ്റിൽ ചൂണ്ടിക്കാണിച്ചതിനെ തുടർന്ന് തിരിച്ചടച്ചതിന്റെ വിവരം താഴെ പറയുന്നു.

| പ്രവൃത്തി | നഷ്ടത്തിന് കാരണം | നഷ്ടം ₹ | തിരിച്ചടവിന്റെ വിവരം |
|---|---|---|---|
| ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലെ ആശുപത്രികളിൽ മാലിന്യ സംസ്കരണ യൂണിറ്റുകൾ (S0 083/15) | റൂഫിംഗിന് അധിക നിരക്ക് അനുവദിച്ച് തുക നൽകി | 5,414/- | ട്രഷറി ചലാൻ നം. 609/03.09.2016 |
| ആകെ | | 5,414/- | |

# ഭാഗം -2
# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3
# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 വൈദ്യുതീകരണം - നഷ്ടം

പറവൂർ ബ്ലോക്ക് പഞ്ചായത്ത് നടപ്പാക്കിയ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികളിൽ എസ്റ്റിമേറ്റിലുള്ള പല ഫിറ്റിംഗുകളും ഇല്ലാത്തതായോ അളവിൽ കുറവുള്ളതായോ കാണുന്നു. ബ്ലോക്ക്പഞ്ചായത്ത് അസി.എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ 07.09.2016-ന് നടത്തിയ സ്ഥല പരിശോധനയിൽ കാണപ്പെട്ട വിവരങ്ങൾ താഴെ കൊടുക്കുന്നു. എഴിക്കര ഗ്രാമ പഞ്ചായത്തിലെ എസ്.സി. കമ്മ്യൂണിറ്റി ഹാൾ, സി.എച്ച്.സി. വടക്കേക്കര ഗ്രാമപഞ്ചായത്തിലെ മൂത്തകുന്നം സി.എച്ച്.സി.യിൽ ഇലക്ട്രിക്കൽ വർക്കുകൾ ചെയ്തതിലും അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയത് പ്രകാരമുള്ള ഫിറ്റിംഗുകൾ/പ്രവൃത്തികൾ ചെയ്തതിൽ പല ഫിറ്റിംഗുകളും എണ്ണത്തിൽ കുറവുണ്ട്. പി.ഡബ്ല്യു.ഡി.-യിൽ നിന്ന് വിരമിച്ച ഇലക്ട്രിക്കൽ വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ സി.ഡി.ശ്രീധരൻ നായർ (സർക്കാർ ഉത്തരവ് പ്രകാരമുള്ള പാനലിൽ ഉൾപ്പെട്ട എഞ്ചിനീയർ) ആണ് എസ്റ്റിമേറ്റ്

തയാറാക്കിയതും അളവുകൾ രേഖപ്പെടുത്തി ബിൽ തയാറാക്കിയതും. കിഴക്കമ്പലം ഇലക്ട്രിക്കൽ സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറാണ് എസ്റ്റിമേറ്റ് അംഗീകരിച്ചതും ചെക്ക് മെഷർ ചെയ്തതും. അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയതിലും കുറവുള്ളതും ചെയ്തിട്ടില്ലാത്തതുമായ ഇനങ്ങൾ താഴെ കൊടുക്കുന്നു.

**(എ) <u>പ്രവൃത്തി - എസ്.സി.കമ്മ്യൂണിറ്റി ഹാൾ ഇലക്ട്രിക്കൽ വർക്കുകൾ ചെയ്തത്</u>**

പ്രോജക്ട് നമ്പർ - S0066/14-15
കരാറുകാരൻ - ബിനോയ് .ടി.ബേബി
അളവുപുസ്തകം - 12/14-15
ആകെ പ്രവൃത്തിമൂല്യം - ₹.94,968/-രൂപ
തുക നൽകിയതിന്റെ വിവരം - ₹.94,968/-രൂപ ബിൽ നം.5/14-15 തീ.13.03.15

| ഇനം | പ്രവൃത്തി | അളവുപുസ്തക പ്രകാരം ഉള്ള എണ്ണം | യഥാർത്ഥത്തിൽ കാണുന്ന എണ്ണം | കുറവ് എണ്ണം | കുറയ്ക്കേണ്ട തുക ₹ |
|---|---|---|---|---|---|
| 5 | Supply and fixing cast aluminum eliliptical shaped bulk head fitting with front clear glass and mesh CFL | 3 | - | 3x678 | 2,034 |
| 3 | Single control fan point with 6A,3plate ceiling rose with socket size stepped electronic regulator | 5 | 4 | 1x1498 | 1,498 |
| 9 | Supply, installation, testing and commissioning of ceiling fan | 5 | 4 | 1x1853 | 1,853 |
| | ആകെ | | | | 5,385 |

**(ബി) <u>എഴിക്കര സി.എച്ച്.സി. ഇലക്ട്രിഫിക്കേഷൻ നടത്തിയത്</u>**

പ്രോജക്ട് നമ്പർ - S0063/15/14-15

കരാറുകാരൻ – ബിനോയ് .ടി.ബേബി
അളവുപുസ്തകം –നം.13/14–15
ആകെ പ്രവൃത്തിമൂല്യം – ₹.1,57,916/–
തുക നൽകിയതിന്റെ വിവരം –₹.1,57,916/–രൂപ ബിൽ നം.13/14–15 തീ.28.03.15

| ഇനം | പ്രവൃത്തിയും നിരക്കും | അളവുപുസ്തക പ്രകാരം ഉള്ള എണ്ണം | യഥാർത്ഥത്തിൽ കാണുന്ന എണ്ണം | കുറവ് എണ്ണം | കുറയ്ക്കേണ്ട തുക ₹ |
|---|---|---|---|---|---|
| 8 | Single control fan point with 6A, 3plate Wall fan | 2 | – | 2x1725 | 3,450 |
| 9 | Supply, installation, testing and commissioning of Wall fan | 2 | – | 2x2853 | 5,706 |
| ആകെ | | | | | 9,156 |

**(സി) <u>മൂത്തകുന്നം സി.എച്ച്.സി. ഇലക്ട്രിഫിക്കേഷൻ നടത്തിയത്</u>**

പ്രോജക്റ്റ് നമ്പർ – s0046//14–15
കരാറുകാരൻ – ബിനോയ് .ടി.ബേബി
അളവുപുസ്തകം –നം.11/14–15
ആകെ പ്രവൃത്തിമൂല്യം – ₹.2,99,924/–
തുക നൽകിയതിന്റെ വിവരം – ₹.2,99,924/–രൂപ ബിൽ നം.6/14–15 തീ.13.03.15

| ഇനം | പ്രവൃത്തിയും നിരക്കും | അളവുപുസ്തക പ്രകാരം ഉള്ള എണ്ണം | യഥാർത്ഥത്തിൽ കാണുന്ന എണ്ണം | കുറവ് എണ്ണം | കുറയ്ക്കേണ്ട തുക ₹ |
|---|---|---|---|---|---|
| 14 | Single control fan point with 6A,3plate ceiling rose | 14 | 12 | 2X1498 | 2,996 |

| | | | | | |
|---|---|---|---|---|---|
| | with socket size stepped electronic regulator | | | | |
| 9 | Supply, installation, testing and commissioning of ceiling fan | 14 | 12 | 2X1853 | 3,706 |
| 10 | Supply,conveyance installations,testing and commissioning of 85 w CFL Street Light | 2 | - | 2X3546 | 7,092 |
| | ആകെ | | | | 13,794 |

മേൽ പ്രവർത്തികൾ ചെയ്യത് മൂലമുള്ള നഷ്ടം തുക ₹.28,335/- (5385+9156+13794) ബന്ധപ്പെട്ട കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ അടക്കേണ്ടതാണ്.

## 3-2 വൗച്ചർ പരിശോധന - അപാകത

2016 മാർച്ച് മാസത്തെ വൗച്ചറുകൾ പരിശോധിച്ചതിൽ വൗച്ചർ നം.88/2016 തീയതി 27.03.2015 പ്രകാരം 27,080/- രൂപ ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും പിൻവലിച്ച് ബ്ലോക്ക് പഞ്ചായത്തിന്റെ വിവിധ ആവശ്യങ്ങൾക്ക് വേണ്ടി ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 9,450/- രൂപ പ്രസിഡന്റിന്റെ ഔദ്യോഗിക വാഹനത്തിൽ സൗണ്ട് സിസ്റ്റം ഘടിപ്പിക്കുന്നതിന് വേണ്ടിയാണ് ചെലവഴിച്ചിരിക്കുന്നത്. ക്വട്ടേഷൻ നടപടികൾ പൂർത്തികരിച്ചാണ് സൗണ്ട് സിസ്റ്റം വാങ്ങിയത്. ജനറൽ പർപ്പസ് ഗ്രാന്റ് അടിസ്ഥാന സൗകര്യ വികസനത്തിനാണ് ഉപയോഗിക്കേണ്ടത്. ഔദ്യോഗിക വാഹനത്തിൽ സൗണ്ട് സിസ്റ്റം വെയ്ക്കുന്നത് അടിസ്ഥാന സൗകര്യമായി കണാവുന്നതല്ല. ഈ കാരണത്താൽ 9,450/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-3 ക്വോട്ട് ചെയ്തതിനു വ്യത്യസ്തമായി തുക നൽകി -നഷ്ടം

പട്ടികജാതി വികസന ഓഫീസർ നടപ്പാക്കിയ കമ്പിവേലിക്കകം കമ്മ്യൂണിറ്റിഹാളിൽ ഫർണീച്ചർ എന്ന S0029/16-ാം നമ്പർ പ്രോജക്ടിൽ ഉൾപ്പെടുത്തി ട്രഷറി ബിൽ നം.1/15-16 തീയതി 30.06.2015 പ്രകാരം ആകെ 99,331/- രൂപ ചെലവഴിച്ച് KADCOയിൽ നിന്നും, SIDCOയിൽ നിന്നും കസേര, അലമാരി, റാക്ക് തുടങ്ങിയ സാധനങ്ങൾ പർച്ചേസ് ചെയ്തിട്ടുണ്ട്. Plastic Armless Chair-നു വേണ്ടി 24.3.2015ൽ KADCO സമർപ്പിച്ച ക്വട്ടേഷനിൽ ഒരു കസേരയ്ക്ക് 490/- രൂപയാണ് ക്വോട്ട് ചെയ്തത്. എന്നാൽ 30.3.2015ൽ 94 കസേരയുടെ വിലയായി 14.5% നികുതി ഉൾപ്പെടെ 52,739/- രൂപ (46,060+6,679=52,739) സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. സ്ഥാപനം, തുക കൈപ്പറ്റിയതിന്റെ രസീത് ഫയലിൽ ലഭ്യമല്ല. <u>ക്വട്ടേഷനിൽ നികുതി പ്രത്യേകം പരാമർശിച്ചിട്ടില്ലാത്തതിനാൽ ക്വോട്ട് ചെയ്ത തുക നികുതിയുൾപ്പെടെയുള്ള തുകയായിട്ടാണ് പരിഗണിക്കേണ്ടത്.</u> എന്നാൽ ക്വോട്ട് ചെയ്ത തുകയോടൊപ്പം നികുതി കൂടി സ്ഥാപനത്തിന് നൽകി. ഈ അപാകത ചൂണ്ടിക്കാട്ടി നൽകിയ 07.09.2016ലെ 7-ാം നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ നികുതി ഇനത്തിൽ ചെലവഴിച്ച 6,679/- രൂപ നിരാകരിക്കുന്നു. തുക ഉത്തരവാദികളിൽ നിന്നും തിരിച്ചു പിടിക്കേണ്ടതാണ്.

## 3-4 വിദ്യാർത്ഥികൾക്ക് പഠനോപകരണം -വിതരണം പൂർത്തീകരിച്ചിട്ടില്ല

പ്രോജക്ട് നമ്പർ S0083/16-ാം നമ്പരായി പട്ടികജാതി വികസന ഓഫീസർ നടപ്പാക്കിയ "SC വിദ്യാർത്ഥികൾക്ക് പഠനോപകരണം" പ്രോജക്ടിന്റെ ഭാഗമായി 29 വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യുന്നതിനുവേണ്ടി 29 എണ്ണം വീതം മേശയും കസേരയും KADCOയിൽ നിന്നും വാങ്ങി. ട്രഷറി ബിൽ നമ്പർ.26/15-16തീയതി 29.03.2016 പ്രകാരം ഇതിന്റെ വിലയായി 1,15,885/- രൂപ സ്ഥാപനത്തിന് കൈമാറിയിട്ടുണ്ട്. നാളിതു വരെയും ഫർണീച്ചറുകൾ പൂർണമായി വിതരണം ചെയ്തിട്ടില്ല. 13 വിദ്യാർത്ഥികൾ മാത്രമാണ് നാളിതു വരെ മേശയും കസേരയും കൈപ്പറ്റിയത്. പർച്ചേസ് നടത്തി ആറു മാസം കഴിഞ്ഞിട്ടും 16 എണ്ണം വീതം മേശയും കസേരയും ഗുണഭോക്താക്കൾ കൈപ്പറ്റാതെ അവശേഷിക്കുന്നു. ഇവ ബ്ലോക്ക് ഓഫീസിന്റെ മുകൾ നിലയിൽ അഴുക്കും പൊടിയും പിടിച്ച അവസ്ഥയിൽ കൂട്ടിയിട്ടിരിക്കുന്നു. വിദ്യാർത്ഥികളുടെ ആവശ്യത്തിന് ഉപയുക്തമാകുന്ന മാതൃകയിലുള്ള അളവും വലിപ്പവും മേശകൾക്കില്ല. ഇക്കാരണത്താൽ തന്നെ ഇവ സ്വീകരിക്കാൻ ഗുണഭോക്താക്കളിൽ പലരും വിസമ്മതിച്ചു. ഗുണഭോക്താക്കളുടെ ആവശ്യമെന്തെന്ന് പരിഗണിക്കാതെ പദ്ധതിപ്പണം ചെലവഴിക്കുകയെന്ന ഉദ്ദേശ്യത്തോടെ മാത്രം പണം ചെലവഴിച്ചതിനാലാണ് ഈ സ്ഥിതി സംജാതമായത്. നിലവിലെ അവസ്ഥയിൽ ഫർണീച്ചറുകൾ സൂക്ഷിക്കുന്നത് അവ പെട്ടെന്നുതന്നെ നാശോന്മുഖമാകുന്നതിന് കാരണമാകുമെന്നതിനാൽ എത്രയും വേഗം വിതരണം പൂർത്തിയാക്കേണ്ടതാണ്. വിതരണം പൂർത്തിയാകുന്നത് വരെ ഈയിനത്തിൽ ചെലവഴിച്ച 1,15,885/- രൂപ തടസപ്പെടുത്തുന്നു.

## 3-5 ആലുങ്ങപൊക്കം കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം-നിലവാരമില്ലാത്ത പ്രവൃത്തി

പ്രൊജക്ട് നം.S0023/16

<u>ചെലവ് വിവരം</u>

1. 20/14-15 തീ.30.03.2015 ₹. 2,35,452/- (ഒന്നാം പാർട്ട് ബിൽ)
2. 6/15-16 തീ. 13.10.2015 ₹. 7,92,747/- (രണ്ടാം പാർട്ട് ബിൽ)
3. 26/15-16 തീ.28.03.2016 ₹.17,15,613/- (മൂന്നാം പാർട്ട് ബിൽ)

കോട്ടുവള്ളി ഗ്രാമപഞ്ചായത്തിലെ ആലുങ്ങപൊക്കം കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം എന്ന പ്രവൃത്തിയുടെ ഭാഗമായി 125$m^2$പ്രതലം ഇന്റർലോക്കിങ്ങ് ടൈൽ ഉപയോഗിച്ച് വിരിച്ചിട്ടുണ്ട്. 07.09.2016ൽ നടത്തിയ സ്ഥലപരിശോധനയിൽ ഏകദേശം 4$m^2$ ചുറ്റളവിലുള്ള ടൈൽ വിരിച്ച ഭാഗം ഇടിഞ്ഞു താണ നിലയിൽ കാണപ്പെട്ടു. ഈ ഭാഗത്ത് ഒരു കിണർ നികത്തിയാണ് പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളത്. എന്നാൽ ഏതാനും മാസങ്ങൾക്കുള്ളിൽ ഈ ഭാഗം ഇടിഞ്ഞ് താണത് നിലവാരമില്ലാത്ത പ്രവൃത്തി നിർവ്വഹണം മൂലമാണ്. മേൽ അപാകതയിന്മേൽ തുടർ നടപടികൾ സ്വീകരിക്കുന്നതിനു വേണ്ടി വിഷയം ഭരണവകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3–6 ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല

ഐ.എ.വൈ. പദ്ധതി പ്രകാരം ഭവന നിർമ്മാണത്തിനായി പണം കൈപ്പറ്റിയ താഴെ ചേർത്ത ഗുണഭോക്താക്കൾ നാളിതു വരെയും ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. ഗുണഭോക്താക്കളെക്കൊണ്ട് ഭവന നിർമ്മാണം പൂർത്തീകരിപ്പിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്ത പക്ഷം കൈമാറിയ പദ്ധതിപ്പണം പലിശ സഹിതം തിരിച്ചു പിടിയ്ക്കേണ്ടതാണ്.

| നം | പേര്,വിലാസം | കൈപ്പറ്റിയ തുക | ഡി.ഡി.നം./തീയതി | ആകെ |
|---|---|---|---|---|
| 1 | ഷീബ ഷാജി, മഠത്തിത്തറ,മാല്യങ്കര(പി.ഒ.) | ₹.17,500 | 500910/04.02.2015 | ₹.59,500 |
| | | ₹.42,000 | 500302/01.01.2016 | |
| 2 | സരോജിനി, മഠത്തിത്തറ,മാല്യങ്കര(പി.ഒ.) | ₹.17,500 | 500935/25.03.2015 | ₹.35,000 |
| | | ₹.17,500 | 500816/07.01.2015 | |

# <u>ഭാഗം –4</u>

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4–1 സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

**2014-15**

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ഏഴിക്കര ഗ്രാമപഞ്ചായത്ത് | 2014-15 | 2,50,000 | 173-ാം നമ്പർ അങ്കണവാടി നിർമ്മാണം | 2,10,071 | 39,929 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-4 വായ്പ / വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷങ്ങളിൽ പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| **2014-15** | | | | | |
|---|---|---|---|---|---|
| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വർഷാരംഭം തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
| | | | മുതൽ | പലിശ | |
| EMS ഭവന പദ്ധതി | സ.ഉ.207/2009 തസ്വഭവ.തീ.7.11.09 | 75,90,040 | 1265000 | 236697 | 6325040 |
| IAYലോൺ അക്കൗണ്ട് | ഉത്തരവ് നം. 90/13/LSGDതീ.14.3.13 | 66,37,500 | 0 | 0 | 6637500 |
| **2015-16** | | | | | |
| EMS ഭവന പദ്ധതി | സ.ഉ.207/2009 തസ്വഭവ.തീ.7.11.09 | 63,25,040 | 1265000 | 1067441 | 5060040 |

| | | | | | |
|---|---|---|---|---|---|
| IAYലോൺ അക്കൗണ്ട് | ഉത്തരവ് നം. 90/13/LSGDതീ.14.3.13 | 66,37,500 | 0 | 0 | 6637500 |

## 4–5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4–6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4–7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല.

## 4–8 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | 2014–15 | 2015–16 |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 7,16,34,544 | 6,06,32,437 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 6,89,56,858 | 6,35,73,971 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 28,335 | 6,679 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 9,450 | 1,15,885 |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 28,335 (2014-15) | രാജേഷ്. എസ്.ഡി., അസി.എക്സി. എഞ്ചിനീയർ |
| 3-3 | | 6,679 (2015-16) | ജെ.ജോസ്, എസ്.സി.ഡി.ഒ. |

**<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 9,450 | ടി.എസ്.ശുഭ.സെക്രട്ടറി |
| 3-4 | 1,15,885 | എസ്. വിഷ്ണു, എസ്.സി.ഡി.ഒ. |

**(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം.</u>**

**ഇല്ല**

**(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.</u>**

**ഇല്ല.**

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| രാജേഷ് .എസ്.ഡി., അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ | അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ, പറവൂർ ബ്ലോക്ക്പഞ്ചായത്ത് | സ്വപ്നം, പൂണിത്തറ (പി.ഒ.) വൈറ്റില,എറണാകുളം – 682317 |
| ടി.എസ്.ശുഭ, സെക്രട്ടറി | സെക്രട്ടറി പറവൂർ ബ്ലോക്ക്പഞ്ചായത്ത് | തൈക്കൂടൻ വീട് മനക്കുളങ്ങര, കൊടകര |
| ജോസ്. ജെ. | --- | പരുത്തിത്തോപ്പ് പുത്തൻവീട്,ബാലരാമപുരം |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-98 | എൽ.എഫ്.ഇ(സി.4)1860/11-18-10-11 |
| 1998-99 | എൽ.എഫ്.ഇ(സി.4)1860/11-18-10-11 |
| 1999-00 | എൽ.എഫ്.ഇ(സി.4)1860/11-18-10-11 |
| 2000-01 | എൽ.എഫ്.ഇ(സി.4)1860/11-18-10-11 |
| 2001-02 | എൽ.എഫ്.ഇ(സി.4)1860/11-18-10-11 |
| 2002-03 | എൽ.എഫ്.ഇ(സി.4)1860/11-18-10-11 |
| 2003-04 | എൽ.എഫ്.ഇ(സി.4)1860/11-18-10-11 |
| 2004-05 | എൽ.എഫ്.ഇ(സി.4)1860/11-18-10-11 |
| 2005-06 | എൽ.എഫ്.ഇ(സി.4)1860/11-18-10-11 |
| 2006-07 | എൽ.എഫ്.ഇ(സി.4)1860/11-18-10-11 |
| 2007-08 | എൽ.എഫ്.ഇ(സി.4)1860/11-18-10-11 |
| 2008-09 | എൽ.എഫ്.ഇ(സി.1)311/12 08-03-12/15-03-12 |
| 2009-10 | എൽ.എഫ്.ഇ(സി.1)311/12 08-03-12/15-03-12 |

| | |
|---|---|
| 2010-11 & 2011-12 | എൽ.എഫ്.ഇ(ബി.പി)292/13 16-03-13/08-04-13 |
| 2012-13 | എൽ.എഫ്.ഇ(ബി.പി1)2003/13 28-11-2013/09-12-13 |

ജോയിന്റ് ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

# <u>അനുബന്ധം – 1</u>
# <u>ഓഡിറ്റ് സർട്ടിഫിക്കറ്റ് – 2014-15</u>

നം.കെ.എസ്.എ.-ഇ.കെ.എം(ബി.പി)1577/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ,
കാക്കനാട് – 682030
ഫോൺ : 0484 – 2422271
email:doekm.ksad@kerala.gov.in

തീയതി : 27.09.2016

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും എറണാകുളം ജില്ലയിലെ **<u>പറവൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2014-15</u>** വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **<u>പറവൂർ ബ്ലോക്ക്പഞ്ചായത്തിന്റെ 2014-15</u>** വർഷത്തെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ

# APPENDIX - I

## AUDIT CERTIFICATE - 2014-15

No.KSA-EKM(BP)1577/2016

Kerala State Audit Department
District Audit Office, Ernakulam
Civil Station, Kakkanad - 682030
Phone : 0484 - 2422271
e-mail :doekm.ksad@kerala.gov.in

Date : 27.09.2016

Certified that I have audited the Annual Financial Statement of **Paravur Block Panchayat** in Ernakulam District for the year ended on **31.03.2015** in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Annual Financial Statement of **Paravur Block Panchayat** for the year **2014-15** except the observations in my audit report prorperly presents the picture of income and expenditure.

Joint Director

# <u>അനുബന്ധം - 2</u>
# <u>ഓഡിറ്റ് സർട്ടിഫിക്കറ്റ് - 2015-16</u>

നം.കെ.എസ്.എ.-ഇ.കെ.എം(ബി.പി)1577/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ,
കാക്കനാട് - 682030
ഫോൺ : 0484 - 2422271
email:doekm.ksad@kerala.gov.in

തീയതി : 27.09.2016

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും എറണാകുളം ജില്ലയിലെ **<u>പറവൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16</u>** വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **പറവൂർ ബ്ലോക്ക്പഞ്ചായത്തിന്റെ 2015-16** വർഷത്തെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ

# APPENDIX - II

## AUDIT CERTIFICATE - 2015-16

No.KSA-EKM(BP)1577/2016

Kerala State Audit Department
District Audit Office, Ernakulam
Civil Station, Kakkanad - 682030
Phone : 0484 - 2422271
e-mail :doekm.ksad@kerala.gov.in

Date : 27.09.2016

Certified that I have audited the Annual Financial Statement of **Paravur Block Panchayat** in Ernakulam District for the year ended on **31.03.2016** in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Annual Financial Statement of **Paravur Block Panchayat** for the year **2015-16** except the observations in my audit report prorperly presents the picture of income and expenditure.

Joint Director